യാണു്. ഇൻക്രിമെന്റ് തുടങ്ങിയ അംഗീകരിച്ചതിനുശേഷം കരടു് ഇൻക്രിമെന്റഡു് ലിസ്റ്റും ഏതാണ്ടു് വകുപ്പുകളിൽ പൂർത്തിയായിട്ടുണ്ടു്. അതിനെ സംബന്ധിച്ചിടത്തോളംതന്നെ 251 അപ്പീലുകളും കിട്ടിയിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ബാക്കിയുള്ള ഡിപ്പാർട്ടുമെന്റുകളുടെ ഇൻക്രിമെന്റഡു് ലിസ്റ്റും എന്നാണു് പൂർത്തിയാകുന്നതു്?

ശ്രീ. സി. അച്യുതമേനോൻ : അതു തയാറാക്കിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഏതാണു് ഈ 6 ഡിപ്പാർട്ടുമെന്റുകളും?

ശ്രീ. സി. അച്യുതമേനോൻ : സ്റ്റാറ്റിസ്റ്റിക്സു് ഡിപ്പാർട്ടുമെന്റു്; മുനിസിപ്പൽ ഡിപ്പാർട്ടുമെന്റു്, ഫൈനാൻസു് ഡിപ്പാർട്ടുമെന്റു് ലാ ഡിപ്പാർട്ടുമെന്റു്, അഗ്രിക്കൾച്ചറൽ ഇൻകംടാക്സു് ആൻഡു് സെയിൽസുടാക്സു് ഡിപ്പാർട്ടുമെന്റു്, ലോക്കൽഫണ്ടു് ആഡിറ്റു ഡിപ്പാർട്ടുമെന്റു്.

ഹൈക്കോടതി ജഡ്ജിമാരുടെ നിയമനം.

* 1454. [10] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഇപ്പോൾ ഒഴിവുകൾ സംഭവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഹൈക്കോടതി ജഡ്ജിമാരുടെ സ്ഥാനങ്ങൾ ഒഴിവുവന്നിട്ടുണ്ടു്;

(സി) പ്രസ്തുത ഒഴിവുകളിലേക്കു നിയമനം നടത്തുന്നതിനു് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എന്തെല്ലാം?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഉണ്ടു്.

(ബി) രണ്ടു്.

(സി) ഉണ്ടു്.

(ഡി) ഹൈക്കോടതി ജഡ്ജിമാരുടെ നിയമനം സംബന്ധിച്ച കാര്യങ്ങൾ രഹസ്യമായതിനാൽ അതു വെളിപ്പെടുത്താൻ നിവൃത്തിയില്ല.

ശ്രീ എം. സി. ഏബ്രഹാം: ഹൈക്കോടതി ജഡ്ജിമാരുടെ നിയമനം നടത്തുമ്പോൾ ഇത്ര ശതമാനം ബാറിൽനിന്നും വേണമെന്നൊരു ചട്ടം ഗവണ്മെന്റു സ്വീകരിച്ചിട്ടില്ലേ?

ശ്രീ. സി അച്യുതമേനോൻ : അങ്ങനെയൊരു കൺവൻഷനുണ്ടു്; ചട്ടമുണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. പി. ടി. ചാക്കോ : നിയമനം സംബന്ധിച്ച കാര്യങ്ങൾ രഹസ്യമാണെങ്കിലും, ഹൈക്കോടതി ജഡ്ജിയായി ഒരു മുസ്ലീമിനെ ഗവണ്മെന്റു നിയമിക്കുന്നതിനു് നിർദ്ദേശിച്ചിട്ടുള്ളതായി മന്ത്രിസഭയിലെ ചില അംഗങ്ങൾതന്നെ പ്രസ്താവിച്ചിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ഹൈക്കോടതി ജസ്റ്റിമാരായി പുറ രാജ്യത്തുനിന്നും ആളുകളെ നിയമിക്കുന്നതിനെപ്പറ്റി കേന്ദ്രഗവണ്മെന്റ് ഈ ഗവണ്മെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : രേഖാമൂലമായി ഇതിനെപ്പറ്റി അഭി പ്രായം ആരാഞ്ഞിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ഒരിക്കൽ നാഷനൽ ഡവലപ്പ് മെന്റ് കൗൺസിൽ കൂടിയപ്പോൾ, എല്ലാ സംസ്ഥാന ഹോം മിനിസ്റ്റേഴ്സിനെയും, ചീഫ് മിനിസ്റ്റേഴ്സിനെയും ഉൾപ്പെടുത്തിയ ഒരു കാൺഫറൻസിൽ ഈ കാര്യം ചർച്ചചെയ്തതായിട്ടറിയാം. കാരണം ഞാൻ അന്ന് അവിടെയുണ്ടായിരുന്നു.

കളപ്പെട്ടി ലോകസേവാശ്രമത്തിനു കൊടുത്ത സംഖ്യ.

* 1455. [12] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്ടു ജില്ലയിൽ കളപ്പെട്ടി ലോകസേവാശ്രമത്തിനു ഖാദി കമ്മിഷൻ ലോൺ വകയിലും, സബ്സിഡി വകയിലും എത്ര സംഖ്യ കൊടുത്തിരുന്നു;

(ബി) ഏതെല്ലാം ഇനങ്ങൾക്കുവേണ്ടി ;

(സി) അവകയിൽ എന്തെല്ലാം ഇന്നവിടെ നിലനിൽക്കുന്നുണ്ട് ;

(ഡി) ലോൺവല്ലതും തിരിയെ ഈടാക്കിയിട്ടുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ): (എ to ഡി) പാലക്കാട്ടുജില്ലയിൽ കളപ്പെട്ടി ലോകസേവാശ്രമത്തിനു ലോണും, സബ്സിഡിയും കൊടുത്തിട്ടുള്ള തുകയുടെ വിവരം ഖാദികമ്മിഷനിൽ നിന്നും കിട്ടിയിട്ടില്ല. വിശദവിവരങ്ങൾക്കു ഖാദികമ്മിഷനു എഴുതിയിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ : വളരെയധികം തുക ലോണായിട്ടും, സബ്സിഡിയായിട്ടും വാങ്ങിയിട്ടുള്ള ഈ സ്ഥാപനത്തിൽ ഇന്നു യാതൊരു സാധനങ്ങളും നിലവിലില്ല എന്നു കേൾക്കുന്നതു ശരിയാണോ ?

ശ്രീ. കെ. പി ഗോപാലൻ : അതിനെപ്പറ്റി അന്വേഷിച്ചിട്ടേ പറയാൻ നിവൃത്തിയുള്ളൂ.

ഖാദിയും ഗ്രാമവ്യവസായവും സഹകരണസംഘവും പ്രസിഡന്റിന്റെ പേരിലുള്ള പണാപഹരണക്കേസും.

* 1456. [14] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ കീഴിൽ സംഘടിപ്പിക്കപ്പെട്ടിരുന്ന വ്യവസായസഹകരണസംഘങ്ങളെ വ്യവസായ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ മാറ്റിയോ; എങ്കിൽ എന്നുമുതൽക്ക് ;

(ബി) പ്രസ്തുത തീയതിക്കുശേഷം ഖാദിയും ഗ്രാമവ്യവസായങ്ങളും നടത്തുന്ന സഹകരണസംഘങ്ങളിലുണ്ടാകുന്ന കേസുകളും, ഹിയറിംഗ് കേട്ടു തീരുമാനിക്കുവാനുള്ള അധികാരം ഏതുദ്യോഗസ്ഥനാണ് ; ഈ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്മേൽ അപ്പീൽ കേൾക്കാനുള്ള ഉദ്യോഗസ്ഥൻ ആരാണ് ;

LIBRARY ARCHIVES Kerala Legislative Assembly